കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 14 | മാർച്ച് 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൃഷി സമൃദ്ധി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ഒരു സമീപനമാണ്: കൃഷിമന്ത്രി പി പ്രസാദ്

6 കാസർഗോഡ് കവുങ്ങ് കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ വിദഗ്ദ്ധ സംഘത്തെ രൂപീകരിക്കും: കൃഷി മന്ത്രി പി. പ്രസാദ്

7 കേരളത്തിൽ നിന്ന് കാപ്പിയും കുരുമുളകും കയറ്റുമതി ചെയ്യാൻ ധാരണയായി: കൃഷി മന്ത്രി പി. പ്രസാദ്

## കൃഷി സമൃദ്ധി, ഫ്രൂട്ട് സിറ്റി പദ്ധതികൾക്ക് തുടക്കം കുറിച്ച് നേമം കൃഷി ഭവൻ. പദ്ധതികളുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു




കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്ന കൃഷി സമൃദ്ധി പദ്ധതി, കാർബൺ ബഹിർമനം കുറിക്കുന്നത് ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന ഫ്രൂട്ട് സിറ്റി പദ്ധതി എന്നീ പദ്ധതികൾക്ക് വർണ്ണാഭമായ തുടക്കം കുറിച്ച് നേമം കൃഷി ഭവൻ. പാപ്പനംകോട് ദർശന ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം നഗരസഭ വികസന സ്ഥിരം സമിതി ചെയർപേഴ്സൺ ശ്രീമതി. ഷാജിത നാസറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

സംസ്ഥാനത്ത് കൃഷി സമൃദ്ധി പദ്ധതിൽ ആദ്യഘട്ടമായി തിരഞ്ഞെടുത്ത 107 പഞ്ചായത്തുകളിൽ ഒന്നായ നേമം കൃഷി ഭവൻ കതിർ ആപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങളിലൂടെ സമഗ്രമായ വിവരശേഖരണം നടത്തിയാണ് പ്രവർത്തനങ്ങൾക്കു തുടക്കം കുറയ്ക്കുന്നത്. ഇതിനായി കതിർ ആപ്പ് രജിസ്ട്രേഷൻ നടപടികളിൽ പരിശീലനം ലഭിച്ച എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയിലെ 300 ഓളം എൻ.എസ്.എസ്. വോളന്റിയർമാരെയാണ് ഫീൽഡ് തലത്തിൽ കർഷകരുടെ അതിവേഗത്തിലുള്ള വിവരശേഖരണത്തിനായി നിയോഗിച്ചിരിക്കുന്നത്. കൃഷി ഭവൻ പരിധിയിലെ 7 വാർഡുകളിൽ 5 വീതം രജിസ്ട്രേഷൻ സെന്ററുകൾ ഇതിനായി പ്രവർത്തിക്കും. വിവരശേഖരണത്തെത്തുടർന്ന് മൈക്രോപ്ലാനുകൾ തയ്യാറാക്കുകയും, സമഗ്ര കാർഷിക വികസന പദ്ധതികൾ രൂപവത്കരിക്കുകയും ചെയ്യും. ഇതിനെ തുടർന്ന് ഉത്പാദന, സേവന, മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾക്ക് രൂപം നൽകും. കർമ്മപരിപാടി നിർവ്വഹണത്തിന്റെ ആദ്യപരി പാടിയായി “ഫ്രൂട്ട്സിറ്റി” എന്ന പദ്ധതി തയ്യാറാക്കി നിർവ്വഹിക്കും. നാച്ചുറൽ റിസോഴ്സ് പ്രൊട്ടക്ഷൻ ഫോഴ്സുമായി (NRPF) സഹകരിച്ച് ട്രീ ടാഗ് എന്ന പ്ലേറ്റ്ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തിയാണ് ഫ്രൂട്ട് സിറ്റി പദ്ധതി നടപ്പിലാക്കുക. നടുന്ന ഓരോ വൃക്ഷത്തെയുടെയും വിവരങ്ങൾ, ആറു മാസം കൂടുമ്പോഴുള്ള വളർച്ച, കാർബൺ ന്യൂട്രലൈസേഷൻ തോത് എന്നിവ മനസിലാക്കാൻ സാധിക്കുന്ന

ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.




ത് വഴി നേമത്തെ കാർബൺ ന്യൂട്രലായി പ്രഖ്യാപിക്കുന്നതിന് പ്രാരംഭ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

കൃഷി ചെയ്യുന്നതിന്റെയും കാർഷിക മേഖലയുടെയും ആവശ്യകതയെപ്പറ്റി കൃഷി മന്ത്രി സദസ്സിൽ സന്നിഹിതരായിരുന്ന യുവാക്കളോട് സംസാരിച്ചു. ഭക്ഷണം കഴിക്കുന്ന ഏതൊരു വ്യക്തിയും കൃഷിയുടെ ആനുകൂല്യം കൈപ്പറ്റുന്നവരാണ്, കൃഷി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതുണ്ട് മന്ത്രി പറഞ്ഞു. വയലും വീടും എന്നൊരു കാർഷിക സംസ്കാരത്തിൽ നിന്നും, കടയും വീടും എന്ന സംസ്കാരത്തിലേക്ക് മാറിയ മലയാളി ഇന്ന് ആപ്പും വീടും എന്ന സ്ഥിതിയിലേക്ക് മാറിയത് ശുഭകരമായ ഒരു കാര്യമല്ലെന്നും മന്ത്രി സൂചിപ്പിച്ചു. ഭാവിയിൽ കാർഷിക സ്റ്റാർട്ട്അപ്പുകൾക്ക് പ്രാധാന്യമേറുമെന്നും കൃഷി നമ്മുടെ നിലനിൽപ്പിന്റെ ആവശ്യകതയാണെന്ന് മനസിലാക്കി അതിനെ നമ്മുടെ ഉത്തരവാദിത്തമാക്കി മാറ്റണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ നേമം കൃഷിഭവൻ പരിധിയിലെ കുരുവി കൃഷിക്കൂട്ടം സി.എസ്.ഐ.ആർ. NIIST യുടെ ഇൻക്യൂബേഷൻ സെന്റർ മുഖേനെ വിപണിയിലെത്തിച്ച മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. വിവര ശേഖരണത്തിന്റെ ഭാഗമായി മന്ത്രിയും എൻ.എസ്.എസ്. വോളന്റിയർമാരോടൊപ്പം കർഷകരുടെ ഭവനങ്ങൾ സന്ദർശിച്ച് കതിർ ആപ്പ് രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ പങ്കാളിയായി. സി.എസ്.ഐ.ആർ. (NIIST) ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ ചടങ്ങിൽ മുഖ്യാതിഥിയായി. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. എസ്.അനിൽ കുമാർ സ്വാഗതം പറഞ്ഞ ചടങ്ങിൽ, കൃഷി വകുപ്പ് അഡിഷണൽ ഡയറക്ടർ സലീനാമ്മ കെ.പി. പദ്ധതി വിശദീകരണവും വാർഡ് കൗൺസിലർമാരായ എം.ആർ. ഗോപൻ, ശ്രീമതി ദീപിക. യു. സൗമ്യ. എൽ. ശ്രീദേവി എസ. കെ. എന്നിവർ ആശംസകളും അർപ്പിച്ചു. കൃഷി ഓഫീസർ കെ.ജി. ബിനുലാൽ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ തോമസ് സാമുവൽ, NRPF കോർഡിനേറ്റർ പ്രൊഫ. ദർശന എസ്. ബാബു, കൃഷി അസിസ്റ്റന്റ് ഡയറക്ടർ സിജി സൂസൻ മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.



# കൃഷി സമൃദ്ധി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ഒരു സമീപനമാണ്: കൃഷിമന്ത്രി പി പ്രസാദ്




കൃഷി സമൃദ്ധി കേവലം ഒരു പദ്ധതി അല്ലെന്നും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ഒരു സമീപനമാണെന്നും കൃഷിമന്ത്രി പി പ്രസാദ്. ചിറയിൻകീഴ് ശാർക്കര ഗവൺമെന്റ് യു.പി.എസ്. സ്കൂൾ ഹാളിൽ കൃഷി സമൃദ്ധി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്ന മന്ത്രി. കൃഷിയുടെ ആനുകൂല്യം കൈപ്പറ്റാത്തവരായി ആരുമില്ല. ഭക്ഷണം കഴിക്കുന്ന ഏവരും കൃഷിയുടെ ആനുകൂല്യം കൈപ്പറ്റുന്നവരാണ്. ഭക്ഷണത്തിൽ ഏതാണ്ട് 95% ഉൽപ്പന്നങ്ങളും കൃഷിയുടെ /കാർഷിക മേഖലയുടെ സംഭാവനയാണ്. സമൂഹത്തിൽ ന്യൂനപക്ഷമായ കർഷകർ ഭൂരിപക്ഷമായ ലോക ജനസംഖ്യയുടെ വിശപ്പ് മാറ്റാനായി ചെയ്യുന്ന ഒരു വലിയ പ്രവർത്തിയാണ് കൃഷി എന്നത് മന്ത്രി കൂട്ടിച്ചേർത്തു. കൃഷി പ്രവർത്തികൾ സജീവമായി നിലനിർത്തുക എന്നുള്ളത് നമ്മൾ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഇതിനായി നമ്മൾ ഓരോരുത്തരുടെയും ജീവിതത്തിന്റെ ഭാഗമായി കൃഷി മാറിയേ മതിയാകൂ. നെൽവയലുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഇതിനോട് ചേർത്തു വച്ച് നമ്മൾ മനസ്സിലാക്കണം. ഒരു ഏക്കർ വയൽ പ്രതിവർഷം അഞ്ച് കോടി ലിറ്റർ വെള്ളം മണ്ണിലേക്ക് സംഭരിക്കുന്നു. നെൽവയലുകൾ നമ്മുടെ ഭൂഗർഭ ജല സംഭരണികൾക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ്.

ICMR-ന്റെ കണക്ക് പ്രകാരം 56.4% അസുഖങ്ങളും ഭക്ഷണക്രമത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് സൂചിപ്പിക്കുന്നു. വയലും വീടും എന്ന കാർഷിക സംസ്കാരത്തിൽ നിന്നും കടയും വീടും എന്ന രീതിയിലേക്ക് മാറിയ മലയാളി ഇന്ന് ആപ്പും വീടും എന്ന തരത്തിൽ കൃഷി മേഖലയിൽ നിന്നും വളരെ വിദൂരത്തിലായി. അശുഭകരമായ സൂചനയാണിതെന്ന്മന്ത്രി കൂട്ടിച്ചേർത്തു. ഓരോ വ്യക്തിയുടെയും ഭാവി നിർണയിക്കുന്നത് അവരുടെ ഭക്ഷണപാത്രമാണ്. ആതുര സേവന കേന്ദ്രങ്ങളുടെ വർദ്ധനവ് വികസനത്തിന്മാനദണ്ഡമാക്കുന്നത് ഒരു നല്ല സൂചന അല്ല നൽകുന്നത്. കൃഷിസമൃദ്ധി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് മലയാളികളുടെ ആരോഗ്യകരമായ നാളെയും കേരളത്തിന്റെ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തതയുമാണ്. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 107 കൃഷിഭവനുകളിലൂടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കും. തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ചിറയിൻകീഴ് കൃഷിഭവനെ കൃഷി സമൃദ്ധിപദ്ധതിയിലൂടെ സമഗ്ര കാർഷിക മുന്നേറ്റം നടത്താൻ ആവട്ടെ എന്ന് മന്ത്രി ആശംസിച്ചു. കൃഷി സമൃദ്ധിപദ്ധതിയിൽ കൃഷിയോഗ്യമായ എന്നാൽ കൃഷി ചെയ്യാതെ കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടലിലൂടെ കൃഷിയോഗ്യമാക്കണം.കൃഷിയിട ആസൂത്രണം സൂക്ഷ്മ മേഖല അടിസ്ഥാനമാക്കി പ്രാദേശികമായി നടപ്പിലാക്കി പദ്ധതി ആരോഗ്യവകുപ്പും മറ്റ് അനുബന്ധ വകുപ്പുകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണമെന്നും മന്ത്രി അറിയിച്ചു. ഓരോ പഞ്ചായത്തിനെയും കാർഷിക ഉൽപാദനത്തിൽ സ്വയം പര്യാപ്തരാക്കുന്നതിന് കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കൃഷി സമൃദ്ധി പദ്ധതി അഭിനന്ദനാർഹമാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ എംഎൽഎ അറിയിച്ചു. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം അബ്ദുൽ വാഹിദ് സ്വാഗതം പറഞ്ഞ ചടങ്ങിൽ വൈസ് പ്രസിഡന്റ്ഷൈലജ ബീഗം, ചിറയിൻകീഴ് ബ്ലോക്ക് പ്രസിഡണ്ട് പിസി ജയശ്രീ, ജില്ലാ പഞ്ചായത്ത് അംഗം ആർ സുഭാഷ്




തുടങ്ങിയവർ ആശംസകൾ അറിയിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ എസ് അനിൽകുമാർ പദ്ധതി വിശദീകരണം നടത്തി.പോഷകത്തോട്ടം സംസ്ഥാന അവാർഡ് ജേതാവ് അനിൽ ദേവിനെ വേദിയിൽ കൃഷി മന്ത്രി ആദരിച്ചു. കൃഷി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

അഗ്രി കോയിൻ------: കൃഷിയിൽ നിന്നും ലഭിക്കുന്ന ആധദായവും കൃഷി കൂട്ടങ്ങളുടെ ഉന്നമനത്തിനായി ബാങ്കിൽ നിക്ഷേപിക്കുന്ന പദ്ധതിയുടെ ലോഗോ പ്രദർശനം മന്ത്രി നിർവഹിച്ചു. സംസ്ഥാന അവാർഡ് ജേതാവായ അനിൽദേവിനെ കതിർ ആപ്പ് മുഖേനരജിസ്റ്റർ ചെയ്തുലഭ്യമായ ഐഡി കാർഡ് മന്ത്രി അണിയിച്ചു.



വിവിധകൃഷിക്കൂട്ടങ്ങൾഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ വേദിയിൽ പ്രകാശനം ചെയ്തു: കർമ്മശ്രീ കൃഷിക്കൂട്ടം - ഉരുക്കു വെളിച്ചെണ്ണ, സോണിക കൃഷിക്കൂട്ടം -ചിപ്സ്, ശാർക്കര കൃഷിക്കൂട്ടം - മാങ്ങ, നാരങ്ങ അച്ചാറുകൾ.ചടങ്ങിന്ചിറയിൻകീഴ്കൃഷിഓഫീസർഎസ്. ജയകുമാർനന്ദിപ്രകാശിപ്പിച്ചു.

# കൃഷിഭവൻ സ്മാർട്ട് ആകുന്നത് സേവനങ്ങളും കൃഷിയും സ്മാർട്ട് ആകുമ്പോൾ : കൃഷിമന്ത്രി പി പ്രസാദ് മംഗലപുരം സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം നിർവഹിച്ചു

സംസ്ഥാന നടപ്പിലാക്കുന്ന സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ലക്ഷ്യം കൃഷിഭവൻ സ്മാർട്ട് ആക്കുന്നതോടൊപ്പം കൃഷിയും കാർഷിക സേവനങ്ങളും സ്മാർട്ടാക്കലാണെന്ന് കൃഷി മന്ത്രി പി. പ്രസാദ്. തിരുവനന്തപുരം മംഗലപുരം സ്മാർട്ട് കൃഷിഭവൻ ചിറയിൻകീഴ് എം.എൽ.എ. വി. ശശിയുടെ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളോടൊപ്പം പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഉൾപ്പെടെയുള്ള സൗകര്യങ്ങളും കർഷകർക്കായി ഒരുക്കിക്കൊണ്ടാണ് ഓരോ സ്മാർട്ട് കൃഷി ഭവനുകളും യഥാർത്ഥ്യം ആക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള സംവിധാനങ്ങളൊക്കെയും കർഷകരുടെയും കാർഷിക മേഖലയുടെ സമഗ്ര ഉന്നമനത്തിനുമായി നമുക്ക് വിനിയോഗിക്കാൻ കഴിയണം. കൃഷി ഭവനുകൾ സ്മാർട്ട് ആകുമ്പോൾ അതി



നോടൊപ്പം ചേർത്ത് വായിക്കേണ്ട ഒന്നാണ് കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ എന്ന ആശയത്തിൽ തയ്യാറാക്കിയിരിക്കുന്ന കതിർ ആപ്പിന്റെ ഉപയോഗവും. കൃഷിവകുപ്പിന്റെ സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് ലക്ഷ്യം വച്ച് രൂപീകരിച്ചിരിക്കുന്ന കതിർ ആപ്പ് ഇന്ന് സംസ്ഥാനത്തെ സർക്കാർ മേഖലയിൽ നിന്നുള്ള ആദ്യത്തെ 10 ആപ്പുകളിൽ ഒന്നായി സ്ഥാനം പിടിച്ചിട്ടുണ്ട്. കർഷകരേവരും കതിർ ആപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് കർഷകർക്ക് അവരവരുടെ ലോഗിനിൽ നിന്നും കർഷക ഐ.ഡി. കാർഡുകൾ ലഭ്യമാക്കാൻ കഴിയും. പ്ലാൻ ഡോക്ടർ പോലുള്ള വിവിധ ആധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള സംവിധാനങ്ങൾ കർഷകർക്കായി കതിർ ആപ്പിൽ വിഭാവന ചെയ്തിട്ടുണ്ട് മന്ത്രി പറഞ്ഞു. കൃഷിഭവൻ പരിധിയിലെ കൃഷിയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികളെ കണ്ടെത്തേണ്ടതായിട്ടുണ്ട്. നവോ-ധൻ പദ്ധതിയിലൂടെ കൃഷിയോഗ്യമായ മുഴുവൻ സ്ഥലങ്ങളിലും കൃഷി ചെയ്തുകൊണ്ട് മംഗലപുരം ഗ്രാമപഞ്ചായത്തിന് തരിശുരഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനവും മറ്റ് അനുബന്ധ വകുപ്പുകളും ആയിബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് മന്ത്രി യോഗത്തിൽ അറിയിച്ചു. പച്ചക്കറി ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തത ലക്ഷ്യം വച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. AIF പോലുള്ള പദ്ധതികളിലൂടെ കർഷകർക്കായി വാണിജ്യ അടിസ്ഥാനത്തിലുള്ള പദ്ധതികളും കണ്ടെത്തി കർഷകരെ സഹായിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരം ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സ്മാർട്ട് കൃഷി ഭവനകളിലൂടെ നടപ്പിലാക്കണമെന്നാണ് കൃഷിവകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത് മന്ത്രി പറഞ്ഞു. മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമ ഇടവിളാകം സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിൽകുമാർ എസ് പദ്ധതി വിശദീകരണം നടത്തി. മംഗലപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി മുരളീധരൻ നായർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ എസ് അജിത് കുമാർ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വനജകുമാരി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുനിൽ മുരുക്കുംപുഴ ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലൈലാ കെ പി മറ്റ് ഗ്രാമപഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ആശംസകൾ ധന്യ റ്റി ചടങ്ങിന് നന്ദിയും രേഖപ്പെടുത്തി.



# കാസർഗോഡ് കവുങ്ങ് കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ വിദഗ്ദ്ധ സംഘത്തെ രൂപീകരിക്കും: കൃഷി മന്ത്രി പി. പ്രസാദ്



അടയ്ക്ക ഉത്പാദനത്തെ സാരമായി ബാധിക്കുന്ന തരത്തിൽ കാസർഗോഡ്ജില്ലയിലെ കവുങ്ങ് കൃഷി മേഖലയിൽ വ്യാപകമായി ബാധിക്കുന്ന മഞ്ഞളിപ്പ്, മഹാളി, ഇലപ്പുള്ളി രോഗങ്ങളെ പ്രതിരോധിക്കുന്നതിന് വിദഗ്ദ്ധ സംഘത്തെ രൂപീകരിച്ച് സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുമെന്ന് കൃഷി മന്ത്രി പി. പ്രസാദ്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ അടങ്ങിയ സംഘം പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുമെന്നും മന്ത്രി അറിയിച്ചു. കർഷകരുടെ ആശങ്കകൾ അറിയിച്ചുകൊണ്ട് കവുങ്ങ് കൃഷി മേഖലയിലെ ജനപ്രതിനിധികളുടെ പ്രത്യേക ആവശ്യപ്രകാരം നിയമസഭാ കോൺഫറൻസ് ഹാളിൽ വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കവുങ്ങ് കൃഷി മേഖലയിലെ നാശനഷ്ട കണക്ക് ശേഖരിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സാദ്ധ്യതകൾ പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. കേര പദ്ധതി മുഖേനയും സാധ്യമായ പ്രവർത്തനങ്ങൾ കവുങ്ങ് കൃഷി മേഖലയിൽ നടപ്പിലാക്കും.

കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതി സംബന്ധിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കണമെന്നും പദ്ധതി ആനുകൂല്യം കർഷകർക്ക് ലഭ്യമാകത്തക്ക വിധം ഫീൽഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. ജനകീയാസൂത്രണം പദ്ധതികളിൽ ഓരോ പ്രദേശത്തിനും ആവശ്യമായ പ്രതിരോധ മാർഗങ്ങൾക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കണമെന്നും രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനൊപ്പം കവുങ്ങിന്റെ ആരോഗ്യ സംരക്ഷണത്തിന് ജൈവവളങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വളപ്രയോഗ മാർഗ്ഗങ്ങൾ കൈക്കൊള്ളണമെന്നും മന്ത്രി അറിയിച്ചു. കവുങ്ങ് കർഷകരുടെ കടബാധ്യതയും വായ്പാ തിരിച്ചടവ് കാലാവധിയും സംബന്ധിച്ച് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മറ്റിയുമായി ചർച്ച നടത്തി ഉചിതമായ തീരുമനം കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

കുമിൾ രോഗമായ ഇലപ്പുള്ളി രോഗം ആരംഭത്തിൽ തന്നെ നിയന്ത്രണവിധേയമാക്കുന്നതിനു കാർബൺ ഫൈബർ പോൾ സ്പ്ര പോലുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് രോഗത്തെ നിയന്ത്രണ വിധേയമാക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമെന്ന് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പ്ലാന്റ് പ്രൊട്ടക്ഷൻ മേധാവി ഡോ. വിനായക ഹെഗ്ഡെ അറിയിച്ചു. കാർഷിക സർവ്വകലാശാലയുടെ ഇടപെടലുകളെപ്പറ്റി കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ സംസാരിച്ചു. സാങ്കേതികവിദ്യകളുടെ മുൻനിര പ്രദർശന സൗകര്യം ഫീൽഡ് തലത്തിൽ ഒരുക്കുമെന്ന് അദ്ദേഹം അറിയിച്ചു. നിയമസഭാ കോൺഫെറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എം.എൽ.എ.മാരായ എൻ.എ. നെല്ലിക്കുന്ന്, ഇ. ചന്ദ്രശേഖരൻ, സി.ഹെച്ച്. കുഞ്ഞമ്പു, എ.കെ.എം. അഷറഫ് എന്നിവരും കൃഷി ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. കാഞ്ഞങ്ങാട് സബ് കളക്ടർ പ്രതീക് ജൈൻ ഐ.എ.എസ്. മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.



# കേരളത്തിൽ നിന്ന് കാപ്പിയും കുരുമുളകും കയറ്റുമതി ചെയ്യാൻ ധാരണയായി: കൃഷി മന്ത്രി പി. പ്രസാദ്



കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അതിരപ്പിള്ളി ട്രൈബൽ വാലി കർഷക ഉത്പാദക കമ്പനിയിൽ ഉല്പാദിപ്പിക്കുന്ന കാപ്പിയും കുരുമുളകും കയറ്റുമതി ചെയ്യാൻ ധാരണാ പത്രം ഒപ്പു വച്ചതായി കൃഷി മന്ത്രി പി. പ്രസാദ് അറിയിച്ചു. കാർഷികോല്പാദക കമ്പനിയുടെ നേതൃത്വത്തിൽ 330 ഹെക്ടർ സ്ഥലത്താണ് പൂർണ്ണമായും ജൈവ രീതിയിൽ കാപ്പി, കുരുമുളക്, മഞ്ഞൾ, കൊക്കോ തുടങ്ങിയ കൃഷികൾ ചെയ്തുവരുന്നത്. അന്തർദേശിയ സസ്റ്റൈനബിൾ സർട്ടിഫിക്കേഷൻ ഏജൻസിയായ റൈൻ ഫോറസ്റ്റ് അലയൻസിന്റെ ജൈവ സർട്ടിഫിക്കേഷനും കൃഷി വകുപ്പ് നടപ്പിലാക്കുന്ന PGS ഓർഗാനിക് സർട്ടിഫിക്കേഷനും നേടിയിട്ടുള്ള ഇവിടത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മയും ഏറെയാണ്. വിദേശ ലാബിലെ സാമ്പിൾ പരിശോധനയിൽ എക്സലന്റ് സ്റ്റാറ്റസോടെയാണ് അതിരപ്പള്ളിയിലെ ലിബറിക്ക കാപ്പി യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നത്. കാപ്പിയുടെ ഇനങ്ങളായ റോബസ്റ്റ, ലിബറിക്ക എന്നീ ഇനങ്ങളാണ് പ്രാരംഭഘട്ടത്തിൽ കയറ്റുമതി ചെയ്യുന്നത്. കയറ്റുമതി നടപടികളുടെ പ്രാരംഭ നടപടിയായി യൂറോപ് ആസ്ഥാനമായി പ്രവർത്തിക്കുന്ന JS&T അസ്സോസിയേറ്റ്സ് എന്ന സ്ഥാപനവുമായി അതിരപ്പള്ളി ട്രൈബൽ വാലി എഫ്.പി.സി. ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ജൈവ രീതിയിൽ അന്തർദേശിയ ഗുണനിലവാരത്തിൽ ഉല്പാദിപ്പിക്കുന്ന കുരുമുളക് കയറ്റുമതിക്കായി സ്വീഡൻ ആസ്ഥാനമായ വൈക് വർക്സ് AB എന്ന കമ്പനിയാണ് തദവസരത്തിൽ അതിരപ്പള്ളി ട്രൈബൽ വാലി എഫ്.പി.സിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

നിയമസഭാ കോൺഫറൻസ് ഹാളിൽ നടന്ന ധാരണാപത്രം ഒപ്പ് വെയ്ക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്, ചാലക്കുടി എം.എൽ.എ. റ്റി.ജെ. സനീഷ് കുമാർ ജോസഫ് , കാർഷിക ഉത്പാദക കമ്മീഷണർ ബി അശോക് ഐ.എ.എസ്., കൃഷി അഡിഷണൽ ഡയറക്ടർ കെ.പി. സലീനാമ്മ, അതിരപ്പിള്ളി ട്രൈബൽ വാലി പ്രൊജക്റ്റ് അഡ്വൈസർ ശ്രീ സാല്യമോൻ എസ്. എസ്. എന്നിവർ സന്നിഹിതരായിരുന്നു.

അതിരപ്പിള്ളി ട്രൈബൽ വാലി എഫ്.പി.സിക്കായി ചെയർമാൻ എം രതീഷും വൈക് വർക്സ് AB-യെ പ്രതിനിധികരിച്ച ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ. രാജേഷ് രാജഗോപാലനും ധാരണ പത്രത്തിൽ ഒപ്പു വച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 3 വർഷം വൈക് വർക്സ് AB കോ-ബ്രാൻഡിംഗ് രീതിയിൽ 2 ടൺ കുരുമുളക് അതിരപ്പിള്ളി ബ്രാൻഡിൽ സംഭരിക്കും. കാപ്പി യൂറോപ്പിലേക്ക് കയറ്റി അയക്കുന്നതിനായി JS &T അസ്സോസിയേറ്റ്സിനെ പ്രധിനിധികരിച്ച ശ്രീ. ജിനു ജോസഫ് എഫ്.പി.സിയുമായി ധാരണ പത്രം ഒപ്പിട്ടു. ഇതു പ്രകാരം അടുത്ത 5 വർഷം 20 ടൺ കാപ്പി അവർ അതിരപ്പിള്ളി ട്രൈബൽ വാലി എഫ്.പി.സി. മുഖേന സംഭരിക്കും.

കേരള സർക്കാർ റി ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതി സാമ്പത്തിക സഹായത്തോടെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആദിവാസികളുടെ സമഗ്ര ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന ഒരു പൈലറ്റ് പദ്ധതിയായാണ് ഇത് നടപ്പിലാക്കിയത്. അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി യിലൂടെ ഈ പഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽ പെടുന്ന ജനങ്ങളുടെ വിശിഷ്യാ കാർഷിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആദിവാസിവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ വിളവ്യാപനം മുതൽ കാർഷിക ഉത്പന്ന മൂല്യവർദ്ധനവും വിപണനവും വരെ ഈ പദ്ധതിയുടെ ഭാഗമായി 2021-24 കാലയളവിൽ നടപ്പിലാക്കി വരുന്നു. PGS രീതിയിൽ ജൈവ കൃഷി രീതികൾ പാരമ്പര്യമായി അനുവർത്തിക്കുന്ന ഇവിടത്തെ മുഴുവൻ കൃഷി ഭൂമിയിലും ബഹുവിള കൃഷി രീതി പ്രോത്സാഹിപ്പിക്കുകയും അതിനുള്ള സഹായധനം ലഭ്യമാക്കുകയും ചെയ്തു വരുന്നു. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടുന്നതിനും മൂല്യവർദ്ധനവിലൂടെ വരുമാനവർദ്ധനവ് ലക്ഷ്യംവെച്ചുമാണ് ആദിവാസി കർഷകരുടെ മാത്രമായ

ഒരു കർഷക ഉത്പാദക കമ്പനി അതിരപ്പിള്ളി ട്രൈബൽ വാലി കർഷക ഉൽപാദക കമ്പനി എന്ന പേരിൽ ആരംഭിച്ചത്. ഉത്പന്നങ്ങൾ മൂല്യവർധനം നടത്തുന്നതിനായി ഒരു പ്രോസസ്സിംഗ് യൂണിറ്റും വിപണനം നടത്തുന്നതിനായി ATHIRAPPILLY എന്ന ബ്രാൻഡും ഉണ്ടാക്കി കർഷകരുടെ ഉന്നമനത്തിനു വേണ്ടി നിലകൊള്ളുന്ന എഫ്.പി.സിക്ക് ഇതൊരു നാഴികക്കല്ലാണ്. ട്രൈബൽ ഷെയർ ഹോൾഡേഴ്സ് ആയിട്ടുള്ള സംഘത്തിന്റെ ആഭിമുഖ്യത്തിലാണ് നിലവിൽ സംഭരണവും മൂല്യവര്ധനവും വിപണനവും നടന്നു വരുന്നത്. ATHIRAPPILLY എന്ന ബ്രാൻഡിൽ ട്രൈബൽ വാലി എഫ്.പി.സി. വിവിധ ജൈവ ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്.

# കുളങ്ങൾ സംരക്ഷിക്കപ്പെടേത് ഓരോ പ്രദേശത്തിന്റെയും ആവശ്യകത: കൃഷി മന്ത്രി പി.പ്രസാദ്

## നവീകരിച്ച പേരൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുളത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു

കുളങ്ങൾ നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് അനിവാര്യമായ ഘടകങ്ങളാണെന്നും അവയുടെ സംരക്ഷണം ഓരോ പ്രദേശത്തിന്റെയും ആവശ്യകതയാണെന്നും കൃഷി മന്ത്രി പി. പ്രസാദ്. കാലങ്ങളായി മലിനമാക്കപ്പെട്ടിരുന്ന പേരൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കുളങ്ങളും നെൽവയലുകളും ഭൂഗർഭ ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണ്. ഒരേക്കർ നെൽവയൽ വർഷത്തിൽ 5 കോടി ലിറ്റർ ജലം സംഭരിക്കുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഒരു കാലത്ത് നാടിന്റെ അഭിമാനവും ആ നാടിന്റെ സമൃദ്ധിയുടെയും സൂചനകളായിരുന്നു അവിടത്തെ കുളങ്ങൾ എന്നാൽ ഇന്ന് അവയിൽ പലതും നാശത്തിന്റെ വക്കിലാണ്. പ്രബുദ്ധർ എന്ന് പറഞ്ഞു നടക്കുന്ന നമ്മൾ തന്നെയാണ് ഇവയെ മലിനമാക്കുന്നതിനും വഴിയൊരുക്കുന്നത്. ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാവണം. ഒരു കാലത്ത് കേരളത്തിലെ ജനതയുടെ ദാഹമകറ്റിയിരുന്ന നമ്മുടെ കുളങ്ങൾ കുടിവെള്ളത്തിന്റെ ബാങ്കുകളാണ്. അവയുടെ സംരക്ഷകരാകാൻ നമ്മൾ തയ്യാറാകണം മന്ത്രി കൂട്ടിചേർത്തു. ICMR പഠനങ്ങൾ സൂചിപ്പിക്കുന്നത് ഇന്നുണ്ടാകുന്ന രോഗങ്ങളിൽ 56.4 ശതമാനവും അനാരോഗ്യകരമായ ഭക്ഷണക്രമം മൂലം ഉണ്ടാകുന്നതാണ്. ആരോഗ്യകരമായ ഭക്ഷണം എന്നത് ശുദ്ധജലത്തിന്റെ കൂടി കാര്യം പരിഗണിച്ചാണ്. അമൃത സരോവർ പദ്ധതിയിൽ 75 ലക്ഷം രൂപ വകയിരുത്തിയാണ് കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷനാണ് സമയബന്ധിതമായി നിർമ്മാണ പ്രവർത്തികൾ ഏകോപിപ്പിച്ച് പൂർത്തിയാക്കിയത്. ക്ഷേത്രക്കുളത്തിലെ മാലിന്യം നീക്കം ചെയ്ത് ആഴം കൂട്ടുകയും, കൽക്കെട്ടിനു സംരക്ഷണ ഭിത്തി നൽകി കൽക്കെട്ടിന്റെ ഉൾവശത്തായി കൈവരിയോടുകൂടിയ നടപ്പാതയും കടവും നിർമ്മിച്ചു. കൂടാതെ കുളത്തിന് ചുറ്റും വൈദ്യുത വിളക്കുകൾ നൽകി മോടി പിടിപ്പിക്കുകയും സംരക്ഷണ ഭിത്തിയുടെ നവീകരണം പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ.പ്രശാന്ത് അധ്യക്ഷനായ ചടങ്ങിൽ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്, എ.ഡി.ജി.പി. പി. വിജയൻ ഐ.പി.എസ്. KLDC മാനേജിങ് ഡയറക്ടർ ഇൻ ചാർജ് പി.കെ.ശാലിനി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആർ. സുരകുമാരി, കവഡിയാർ കൗൺസിലർ സതികുമാരി എസ്, പേരൂർക്കട കൗൺസിലർ ജമീല ശ്രീധരൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ അഡ്വ. എ.അജികുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മിഷണർ പ്രകാശ്.സി.വി. ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് സി.എസ്. സുധൻ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. വേദിയിൽ വിശിഷ്ടവ്യക്തികളെ ആദരിച്ചു. ക്ഷേത്രം ഉപദേശക സമിതി സെക്രട്ടറി എം.കെ. ദേവരാജൻ സ്വാഗതം പറഞ്ഞ ചടങ്ങിന് ക്ഷേത്രം ഉപദേശക സമിതി മുൻ പ്രസിഡന്റ് എ.പത്മകുമാർ നന്ദി പ്രകാശിപ്പിച്ചു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh